# കേരള നിയമസഭ

## പിന്നോക്ക സമുദായക്ഷേമ സമിതി

### പരാതിപ്പെടാനുള്ള നടപടിക്രമം

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 261(എഫ്) പ്രകാരമുള്ള പിന്നോക്ക സമുദായ ക്ഷേമ സമിതിയുടെ കർത്തവ്യങ്ങൾ ഇനിപ്പറയുന്നവയാണ്.

(i). (എ) ഭരണകാര്യങ്ങളുമായി ബന്ധപ്പെട്ട സംസ്ഥാനത്തിലേയോ:

(ബി) സംസ്ഥാനസർക്കാരിന്റെ നിയന്ത്രണത്തിൻകീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിലേയോ:

(സി) സംസ്ഥാന സർക്കാരിന്റെ നിയന്ത്രണത്തിൻകീഴിലുള്ള തദ്ദേശ സ്ഥാപനങ്ങൾ അല്ലെങ്കിൽ മറ്റ് അധികാരസ്ഥാനങ്ങളിലേയോ:

(ഡി) സംസ്ഥാന നിയമസഭയുടെ ഒരു ആക്ട് പ്രകാരം സ്ഥാപിച്ചിട്ടുള്ളതും സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും ചെലവു വഹിക്കുന്നതുമായ സർവ്വകലാശാലകളിലേയോ;

(ഇ) സംസ്ഥാന സർക്കാരിന്റെ നിയന്ത്രണത്തിൻകീഴിലുള്ള സംസ്ഥാന സഞ്ചിത നിധിയിൽ നിന്നും ചെലവു വഹിക്കുന്ന സ്വയംഭരണ സ്ഥാപനങ്ങളിലേയോ;

(എഫ്) സ്പീക്കറുടെ അനുവാദത്തോടെയോ അഥവാ സഭ റഫർ ചെയ്യുന്ന പ്രകാരം കമ്മിറ്റി ഏറ്റെടുത്തേക്കാവുന്ന സംസ്ഥാന സർക്കാരിന്റെ നിയന്ത്രണത്തിൻകീഴിൽ വരുന്ന മറ്റു സ്ഥാപനങ്ങളിലേയോ;

തസ്തികകളിലോ സേവനങ്ങളിലോ ഉള്ള എല്ലാ അല്ലെങ്കിൽ ഏതെങ്കിലും പിന്നോക്ക വിഭാഗ സമുദായങ്ങൾക്ക് നിർണ്ണയിക്കപ്പെട്ട പ്രാതിനിധ്യം ഉണ്ടോ എന്ന് പരിശോധിക്കുന്നതും അവയിൽ അവർക്ക് അർഹമായ പ്രാതിനിധ്യം ഇല്ലെങ്കിൽ അവർക്ക് അർഹമായ പ്രാതിനിധ്യം ഉറപ്പുവരുത്തുന്നതിനുള്ള മാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതും;

(ii) സാമാന്യമായി എല്ലാ അല്ലെങ്കിൽ ഏതെങ്കിലും പിന്നോക്ക വിഭാഗ സമുദായങ്ങളുടെ സാമൂഹ്യ- സാമ്പത്തിക- വിദ്യാഭ്യാസ പുരോഗതി അവലോകനം ചെയ്യുന്നതും, പ്രത്യേകിച്ച് ;

(എ) സംസ്ഥാന സർക്കാരിന്റെ ഉടമസ്ഥതയിലുള്ളതോ; അല്ലെങ്കിൽ

(ബി) സാമൂഹ്യമായോ വിദ്യാഭ്യാസപരമായോ ആയി പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങളിലെ പൗരന്മാർക്ക് പൊതു ഉത്തരവു പ്രകാരമോ അല്ലെങ്കിൽ പ്രത്യേക ഉത്തരവു പ്രകാരമോ സീറ്റുകൾ സംവരണം ചെയ്തിട്ടുള്ള സംസ്ഥാന സർക്കാരിന്റെ നിയന്ത്രണത്തിലുള്ളതോ; അല്ലെങ്കിൽ

(സി) സർക്കാരിന്റെ പൊതുവായോ പ്രത്യേകമായോ ഉള്ള ഉത്തരവു പ്രകാരം ഏതെങ്കിലും നിശ്ചിത ശതമാനം സീറ്റുകളിലേയ്ക്കുള്ള പ്രവേശനം സർക്കാർ നിജപ്പെടുത്തുകയോ സർക്കാരിന് വിട്ടുകൊടുത്തിട്ടുള്ളതോ;

ആയ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പിന്നോക്ക വിഭാഗ സമുദായങ്ങളിൽ എല്ലാത്തിനുമോ ഏതിനെങ്കിലുമോ ലഭ്യമാകുന്ന പ്രവേശനത്തിന്റെ പര്യാപ്തത തിട്ടപ്പെടുത്തുന്നതും, അപ്രകാരം ചെയ്യുന്നത് ആവശ്യമാണെന്ന് കമ്മിറ്റി കരുതുകയാണെങ്കിൽ അവ മെച്ചപ്പെടുത്തുന്നതിന് വേണ്ട മാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതും;

(iii) ഈ ചട്ടങ്ങളിലെ ഉപചട്ടങ്ങൾ (i) ലും (ii) ലും പരാമർശിച്ചിട്ടുള്ള ഏതെങ്കിലും കാര്യം സംബന്ധിച്ച് പിന്നോക്ക വിഭാഗ സമുദായങ്ങളിൽപ്പെട്ട ഏതെങ്കിലും ആളിൽ നിന്നും ലഭിച്ച നിവേദനം പരിഗണിക്കുന്നതുമാണ്.

എന്നാൽ, ഇനി പറയുന്ന വിഭാഗങ്ങളിൽ ഉൾപ്പെടുന്ന ഹർജികൾ സമിതി പരിഗണിക്കുന്നതല്ല.
(സമിതിയുടെ ആഭ്യന്തര ചട്ടങ്ങൾ പ്രകാരം)

(i) ഊമകത്തുകളോ, അഥവാ അയയ്ക്കുന്നയാളിന്റെ പേരോ, മേൽവിലാസമോ അഥവാ പേരും മേൽവിലാസവും എഴുതിയിട്ടില്ലാത്തതോ അല്ലെങ്കിൽ അവ്യക്തമായി എഴുതിയിരിക്കുകയോ ചെയ്യുന്ന കത്തുകൾ.

(ii) സ്പീക്കറോ, സഭയോ അല്ലാതെയുള്ള അധികാരസ്ഥന്മാരെ അഭിസംബോധന ചെയ്തുകൊണ്ടുള്ള കത്തുകളുടെ പകർപ്പുകളാൽ സങ്കട നിവാരണത്തിനായി പ്രത്യേകമായി അഭ്യർത്ഥിച്ചിട്ടില്ലാത്ത പക്ഷം അങ്ങനെയുള്ള കത്തുകളുടെ പകർപ്പുകൾ.

(iii) ഭാരതത്തിന്റെ ഏതെങ്കിലും പ്രദേശത്ത് വിചാരണാധികാരമുള്ള ഒരു നിയമക്കോടതിയുടെയോ, ഒരു അന്വേഷണ കോടതിയുടെയോ ഒരു സ്റ്റാറ്റ്യൂട്ടറി ട്രൈബ്യൂണലിന്റേയോ അതോറിറ്റിയുടേയോ അഥവാ ഒരു അർദ്ധ നിതീന്യായ സമിതിയുടേയോ, ഒരു കമ്മീഷന്റെയോ അധികാരപരിധിയിൽപ്പെടുന്ന സംഗതികളെ സംബന്ധിച്ച നിവേദനങ്ങൾ.

(iv)നിസ്സാര സ്വഭാവമുള്ളതോ അഥവാ ബഹുമാനപൂർവ്വമോ, യോഗ്യമോ, സൗമ്യഭാവത്തിലോ അല്ലാത്ത ഭാഷയിലുള്ളതോ ആയ നിവേദനങ്ങൾ.

(v) പിന്നോക്ക സമുദായത്തിൽപ്പെട്ടവരുടെ സംവരണവുമായി ബന്ധപ്പെട്ട ഉത്തരവുകൾ നടപ്പാക്കാതിരിക്കലോ, തെറ്റായി നടപ്പാക്കുന്നതോ ഒഴികെ സംസ്ഥാന സർക്കാരിന്റെയോ, പൊതുമേഖലാ സ്ഥാപനങ്ങളുടേയോ സ്റ്റാറ്റ്യൂട്ടറി അർദ്ധ സർക്കാർ സ്ഥാപനങ്ങളിലേയോ പിന്നോക്ക സമുദായ വിഭാഗം ജീവനക്കാരുടെ ഹർജികൾ.

നിലവിലെ ചട്ടപ്രകാരം നിയമസഭാ സമിതിക്ക് നിവേദനം/ഹർജി സമർപ്പിക്കുന്നതിനു മുമ്പ് ബന്ധപ്പെട്ട വകുപ്പിന് നിവേദനം/ഹർജി നൽകണമെന്ന് നിബന്ധനയില്ല.

പിന്നോക്ക സമുദായക്ഷേമ സമിതിക്ക് താഴെപറയുന്ന മേൽവിലാസത്തിൽ നിവേദനങ്ങൾ/ഹർജികൾ സമർപ്പിക്കേണ്ടതാണ്.

അദ്ധ്യക്ഷൻ,
പിന്നോക്ക സമുദായ ക്ഷേമ സമിതി,
കേരള നിയമസഭാ സെക്രട്ടേറിയറ്റ്,
വികാസ് ഭവൻ. പി.ഒ,
തിരുവനന്തപുരം - 33.